## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6221** **02/04/2018-ൽ മറുപടിയ്ക്ക്**

# കാരമുക്ക് സർവ്വീസ് സഹകരണ ബാങ്കിന് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനും വികസനത്തിനുമുള്ള ധനസഹായ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16-ന്റെ ധനസഹായത്തിനായി അപേക്ഷ ലഭിച്ചിരുന്നോ; പ്രസ്തുത അപേക്ഷ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | അപേക്ഷ ലഭിച്ചിരുന്നു. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16 ന് സംഘത്തിന്റെ അപേക്ഷ പ്രകാരം ധനസഹായം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്; | (ബി) | ബാങ്കിന്റെ കീഴിൽ ബയോഗ്യാസ് പ്ലാന്റും ജൈവ പച്ചക്കറി നേഴ്സറിയും അടങ്ങുന്ന സംരംഭം 500 അംഗങ്ങളുടെ കുടുംബങ്ങളിൽ നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപയുടെ പ്രോജക്ട് ആണ് സംഘം സമർപ്പിച്ചിട്ടുള്ളത്. |
| (സി) | ഇവ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | വികസനവും പുനരുദ്ധാരണവും പദ്ധതിയുടെ റൂൾ പ്രകാരം അനുവദിക്കുന്ന ധനസഹായം സംഘം കൈപ്പറ്റി 2 വർഷത്തിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ